# തിരകൾ

സലോമി സേവ്യർ

അന്നൊരു വെള്ളിയാഴ്ചയായിരുന്നു  പതിവിനു വിപരീതമായി ജോലികഴിഞ്ഞു വീട്ടിലെത്തുവാൻ അല്പം വൈകി, അപ്പോഴേക്കുമതാ ''സലോമി" ഉമ്മറപ്പടിയിൽ മുഖം വീർപ്പിച്ചിരിക്കുന്നു, രണ്ടു ദിവസം മുന്നേ അവളോടു പറഞ്ഞിരുന്നതാണു  ഇന്നു ബീച്ചിൽ പോകുന്ന കാര്യം, ജോലിത്തിരക്കിനിടയിൽ താനതങ്ങു മറന്നു, അതിൻറെ പരിഭവമാ അവൾക്ക്, അല്ലെങ്കിലും കൂട്ടിനു ഒരനിയനോ, അനിയത്തിയോ ഇല്ലന്നുള്ള സങ്കടം അവൾക്ക് നല്ലവണ്ണമുണ്ട്, ചികിത്സകളൊത്തിരി ചെയ്തതാ,  നിരാശ മാത്രം ഫലം... അല്ലെങ്കിലും  കടൽതീരത്ത് പോകുന്നതു തനിക്കും വളരെയിഷ്ടമായിരുന്നു, ചെമന്നുതുടുത്ത ആകാശവും, തീരത്തെ ചുംബിക്കുവാൻ പാഞ്ഞടുക്കുന്ന തിരമാലകളെയും നോക്കിയിരിക്കുമ്പോൾ, മരുന്നുകളുടെയും രോഗികളുടെയും ലോകം മനസ്സിൽനിന്നും വിസ്മൃതിയിലാവും...

ബീച്ചിലെത്തിയതേ നനഞ്ഞ മണൽത്തരികൾക്കൊണ്ട് സലോമി അവളുടെ ഭാവനയ്ക്കനുസരിച്ചു എന്തൊക്കെയോ ചിത്രങ്ങൾ മെനയുവാൻ തുടങ്ങി... പിതൃക്കൾക്കു ബലിയിടുന്ന ദിവസമായതുകൊണ്ടു കടൽതീരത്തു പതിവില്ലാത്ത ആൾക്കൂട്ടം,  കർമ്മം കഴിഞ്ഞു ഓരോരുത്തരായി മടങ്ങിപ്പോകുവാൻ തുടങ്ങിയിരിക്കുന്നു, അപ്പോഴാണു കുറച്ചകലെയായി തന്നെമാത്രം ഉറ്റുനോക്കിയിരിക്കുന്ന ആ സ്ത്രീയിൽ കണ്ണു പതിഞ്ഞത്, കൂടെ സുമുഖനായ ഒരു ചെറുപ്പക്കാരനും,  അവരുടെ കണ്ണുകൾ വിടർന്നു, പിന്നെ പരിചിതഭാവത്തിൽ തൻറെയടുക്കലേക്കു നടന്നടുത്തു,  എവിടെയോ കണ്ടുമറന്ന മുഖം, താനവരുടെ കണ്ണുകളിലേക്ക് സൂക്ഷിച്ചുനോക്കി, ജീവിതപാരാബ്ധത്തിൻറെ ക്ഷീണം നന്നേ ആ മുഖത്തു പ്രകടമായിരുന്നു... എങ്കിലും ചുണ്ടുകളിൽ മായാത്ത പുഞ്ചിരി, ഒന്നും മനസ്സിലാകാതെ അഗാധമായ ആഴിയിലേക്കു കണ്ണുംനട്ടിരിക്കുന്ന തന്നോടായി അവർ പറഞ്ഞു രാവിലെ വന്നതാ മോൻറെ അച്ഛനു ബലിയിടാൻ, തിരിച്ചുപോകുവാൻ തുടങ്ങിയതായിരുന്നു  ....

." അപ്പോഴാണ് സിസ്റ്ററെ ഇവിടെ....
 ഇക്കാലമത്രയും ഒന്നുകാണുവാൻ മനസ്സുവല്ലാതെ കൊതിച്ചിരുന്നു... ഞാനതു ൻറെ മോനോടും പറഞ്ഞിരുന്നു.....   അവരുടെ കണ്ണുകൾ ഈറനണിഞ്ഞു, അവരുടെ മുഖത്തേക്കു ഉറ്റുനോക്കവേ ഓർമ്മത്തിരകളായി   ഒരഞ്ചുവയസ്സുകാരനും, അവൻറെ അമ്മയെയും  ആ  വലിയ ഹോസ്പിറ്റലിലെ പീഡിയാട്രിക്ക് വാർഡും നിറഞ്ഞുനിന്നു... , ആ മാസത്തെ പോസ്റ്റിംഗ് അനുസരിച്ച്, അന്നും പതിവുപോലെ  ഡ്യൂട്ടിക്കു ചെന്നതായിരുന്നു,  ശൂന്യമായികിടന്ന ആ ബെഡ്ഡിൽ വന്ന പുതിയ അഡ്മിഷൻ, ഡോക്ടർ ചാർട്ടിലെഴുതിയ രോഗവിവരങ്ങളോരോന്നായ് തുറന്നുവായിച്ചു  കുറേ ദിവസമായിട്ട് വിട്ടുമാറാത്ത പനി, അതിനെതുടർന്നെത്തിയ പുതിയ അഡ്മിഷനായിരുന്നു അഞ്ചുവയസ്സുകാരനായ വിശ്വജിത്ത്, ദിവസങ്ങൾ കഴിയുംതോറും കുട്ടിയുടെ നില വഷളായിക്കൊണ്ടിരുന്നു, കടലിനോടു മല്ലിട്ടു അന്നന്നുള്ള ആഹാരത്തിനു വക കണ്ടെത്തുന്ന ആ മാതാപിതാക്കൾ വളരെ ബുദ്ധിമുട്ടിയായിരുന്നു മകൻറെ ചികിത്സക്കുള്ള പണം കണ്ടെത്തിയിരുന്നതു, പല ടെസ്റ്റുകളും മാറിമാറി നടത്തി, ടെസ്റ്റുകളുടെയെല്ലാം അവസാനം ഡോക്ടർ വിധിയെഴുതി മെനിഞ്ജൈറ്റിസ് തലച്ചോറിൻറെ ആവരണത്തെ ബാധിച്ചിരിക്കുന്ന ബാക്ടീരിയൽ ഇൻഫെക്ഷൻ... എത്രയും പെട്ടെന്നു വിദഗ്ദ്ധ  ചികിത്സ കിട്ടിയില്ലെങ്കിൽ..  ഡോക്ടർ കുറിച്ചുകൊടുത്ത വിലയേറിയ മരുന്നുകളുടെ,  ആ വലിയ ലിസ്റ്റിലേക്കും,  ഭർത്താവു തന്നെ ഏൽപ്പിച്ചിട്ടുപോയ ഏതാനും മുഷിഞ്ഞ

ഒറ്റനോട്ടുകളിലേക്കും അവർ മാറിമാറി നോക്കി, എത്രയും പെട്ടെന്നു കുറുപ്പിലെഴുതിയിരിക്കുന്ന മരുന്നെത്തിച്ചില്ലെങ്കിൽ..... ആ അമ്മയുടെ കണ്ണുകളിൽ നിന്നും കണ്ണുനീർ ഇറ്റിറ്റുവീണു, ആ കുറിപ്പുമായി നിസ്സഹായതയോടെ നില്ക്കുന്ന അവരുടെ കണ്ണുനീർത്തുള്ളികൾ പതിഞ്ഞതു തൻറെ ഹൃദയത്തിലായിരുന്നു, അവരെ സഹായിക്കാൻ മനസ്സ് വല്ലാതെ തുടിച്ചു, പക്ഷേ ഒരു നേഴ്സിംഗ് വിദ്യാർത്ഥിനി മാത്രമായ താൻ..... മണ്ണിനോടു മല്ലടിക്കുന്ന തൻറെ മാതാപിതാക്കൾ വളരെ ബുദ്ധിമുട്ടിയക്കുന്ന ഹോസ്റ്റൽ ഫീസൊഴിച്ചാൽ തൻറെ കരങ്ങളും ശൂന്യം.... ഡ്യൂട്ടികഴിഞ്ഞു ഹോസ്റ്റലിലെത്തിയിട്ടും മനസ്സിൽ ആ അമ്മയും കുട്ടിയുമായിരുന്നു, അവരെയെങ്ങനെയെങ്കിലും സഹായിക്കണം, ആ കുട്ടിയെ വീണ്ടും സാധാരണ ജീവിതത്തിലേക്കു തിരിച്ചുകൊണ്ടുവരണം മനസ്സിൽ അതുമാത്രമായിരുന്നു ചിന്ത...

അപ്പോഴാണു കഴിഞ്ഞയാഴ്ച വല്യാട്ടൻ വന്നപ്പോൾ തന്നിട്ടുപ്പോയ അമ്പതുരൂപയുടെ ഒറ്റനോട്ട് മനസ്സിലേക്കോടിയെത്തി... തൻറെ നിത്യപയോഗസാധനങ്ങളുടെ ലിസ്റ്റുകളെല്ലാം ആ ഒറ്റനോട്ടിനെ ചുറ്റിപ്പറ്റിയുള്ളതായിരുന്നു... പേഴ്സ് തുറന്നെടുത്ത അമ്പതിൻറെ ഒറ്റനോട്ടിലേക്ക് നോക്കിനില്ക്കവേ മനസ്സിൽ വീണ്ടും നിരാശ, തൻറെ മുഖത്തെ മ്ലാനത കണ്ടിട്ടാവണം റൂംമേറ്റ് കാര്യമന്വേഷിച്ചത്, മടിച്ചുമടിച്ചാണു കാര്യം അവതരിപ്പിച്ചത്, പിന്നെ ഏതാനും നിമിഷത്തെ മൌനം, ജനല്പ്പഴുതിലൂടെ പുറത്ത് പെയ്യുന്ന മഴത്തുള്ളികളെ നോക്കിനില്കവേ അവളുടെ മുഖത്തൊരു പുഞ്ചിരിവിടർന്നു, പിന്നെയെല്ലാം പെട്ടന്നായിരുന്നു, തങ്ങളുടെ സഹപാഠികളെല്ലാവരുമൊത്തുകൂടി, അവരുടെ കൊച്ചുകൊച്ചു സ്വപ്നങ്ങളെ ബലികഴിച്ചുകൊണ്ടു, കൈയിലുണ്ടായിരുന്ന ചെറിയ ചെറിയ സംഖ്യകൾ തൻറെ കൈവെള്ളയിലേക്കു വയ്ക്കവേ തൻറെ കണ്ണും ഈറനണിഞ്ഞു, അന്നുരാത്രി തനിക്കുറങ്ങാൻ കഴിഞ്ഞില്ല നേരം വെളുത്തതേ ഒരോട്ടമായിരുന്നു വാർഡിലേക്കു, അവശനായി കിടക്കുന്ന കുഞ്ഞിനെ മാറോടണച്ചു വിങ്ങിപ്പൊട്ടുന്ന അമ്മയുടെ കൈകളിലേക്കു, തങ്ങളുടെയെല്ലാം ആകെ സമ്പാദ്യമായ ആ മുഷിഞ്ഞ നോട്ടുകൾ വെച്ചുകൊടുക്കവേ, അവരുടെ ചുണ്ടുകൾ വിറച്ചു, പിന്നെ ആ കണ്ണുകളിൽ നിന്നും ഇറ്റിറ്റുവീണ കണ്ണുനീർതുള്ളികൾകൊണ്ടു തൻറെ കൈത്തണ്ട നനഞ്ഞു....

''അന്നു കുട്ടിയെന്നെ സഹായിച്ചില്ലായിരുന്നുവെങ്കിൽ എൻറെ ഈ മോൻ.... അവരുടെ കണ്ഠമൊന്നിടറി, ഒരു ദിവ്യമന്ത്രം പോലെ കേട്ട ആ വാക്കുകൾ തന്നെ ചിന്തയിൽ നിന്നുമുണർത്തി, മനസ്സിൽ എന്തെന്നില്ലാത്ത ചാരിതാർത്ഥ്യം... ഇവനും കുട്ടികളുടെ ഡോക്ടറാകാനാ ആഗ്രഹം, ഇവിടുത്തെ മെഡിക്കൽകോളേജിൽ രണ്ടാംവർഷ വിദ്യാർത്ഥിയാ ''ൻറെ" മോൻ അതുപറഞ്ഞപ്പോൾ അവരുടെ കുഴിയിലാണ്ട കണ്ണുകൾക്ക് വീണ്ടും നക്ഷത്രതിളക്കം.... കരയിലേക്ക് പാഞ്ഞടുക്കുന്ന തിരകൾക്കു ശക്തികൂടിയിരിക്കുന്നു, പെട്ടന്നാണ് ജനക്കൂട്ടത്തിനിടയിൽനിന്നു ഒരാരവം കേട്ടത്, എല്ലാവരും കടലിലേക്കു ഉറ്റുനോക്കുന്നു... തീരത്തു കളിച്ചുകൊണ്ടിരുന്ന ഒരു പെൺകുട്ടി തിരയിൽ പെട്ടിരിക്കുന്നു, ഒരു നിമിഷം അവൾ ഞെട്ടിവിറച്ചു നനഞ്ഞ മണൽക്കൊണ്ടു ചിത്രങ്ങൾ മെനഞ്ഞുകൊണ്ടിരുന്ന തൻറെ സലോമി....... പിന്നെയുയർന്നത് ഒരാർത്തനാദമുയരുന്നു, മോളേ സലോമി.....ദിഗന്തം നടുങ്ങുമാറ് അവൾ അലറിവിളിച്ചു... ഒരുനിമിഷം എന്തുചെയ്യണമെന്നറിയാതെ സ്തംഭിച്ചുനിന്ന ജനക്കൂട്ടത്തിനിടയിൽനിന്നു പരിശീലനം ലഭിച്ച നാവികനെപ്പോലെ അവൻ തിരമാലകളിലേക്കു ഊളിയിട്ടു.... ഏതാനും നിമിഷത്തെ കനത്ത മൌനം.... എല്ലാവരും ശ്വാസമടക്കി കടലിലേക്കു ഉറ്റുനോക്കവെ, കരയിലേക്ക് പാഞ്ഞടുത്ത ശക്തമായ തിരകളിലൂടെ കുഞ്ഞിനേയും മാറോടണച്ചുകൊണ്ടു അവൻ കരയ്ക്കണഞ്ഞു... ഓടിച്ചെന്നു ആ ചെറുപ്പക്കാരൻറെ മാറിൽ പറ്റികിടന്നിരുന്ന കുഞ്ഞിനെ വാരിയെടുക്കവേ അവൻറെ കൺപീലികളിൽ നിന്നും ഇറ്റിറ്റുവീഴുന്ന വെള്ളത്തുള്ളികൾക്കിടയിലൂടെ ആ പഴയ അഞ്ചുവയസ്സുകാരൻ വിശ്വജിത്തിൻറെ രൂപം മിന്നിമറഞ്ഞു.... അപ്പോൾ തീരത്തെ വിഴുങ്ങുവാനെന്നവണ്ണം പൂർവ്വാധികം ശക്തിയോടെ തിരകൾ കരയിലേക്കു പാഞ്ഞടുത്തുകൊണ്ടിരുന്നു....